
# കേരളം എ.ഡി.ബി. ലോൺ വാങ്ങുമ്പോൾ

അനിവർ അരവിന്ദ്

**പുതിയ ഇടതുപക്ഷ സർക്കാർ പഴയ എ.ഡി.ബി. വായ്പ സ്വീകരിക്കാൻ സന്നദ്ധമായിരിക്കുകയാണ്. എ.ഡി.ബി. വായ്പ ഇതുവരെ കിട്ടിയതുതന്നെ തിരിച്ചടക്കില്ലെന്ന് പ്രഖ്യാപിച്ച വി.എസ്.അച്ചുതാനന്ദനാണ് നമ്മുടെ മുഖ്യമന്ത്രി ! ഇടതുപക്ഷം വീണ്ടുമൊരു പ്രതിസന്ധിയിൽ, കേരളവും – പ്രതികരിക്കേണ്ട സമയം.**

എ.ഡി.ബി. ലോൺ വീണ്ടും കേരളത്തിലെ ചർച്ചകളിൽ കടന്നുവന്നിരിക്കയാണല്ലോ. ഇക്കഴിഞ്ഞ ഡിസംബർ 9ന് ഡൽഹിയിലെ കേരള റസിഡന്റ് കമ്മീഷണർ ഇന്ദർജിത്ത് സിങ്ങും എഡിബിയുടെ ഇന്ത്യ കൺട്രി ഡയറക്ടർ തഡാക്കി കൊണ്ടോയും ചേർന്ന് കോർപ്പറേഷനുകൾക്കുള്ള എ.ഡി.ബി. ലോൺ കരാർ ഒപ്പുവെയ്ക്കുകയുണ്ടായി. തന്റെയോ കാബിനറ്റിന്റെയോ അറിവോടെയും സമ്മതത്തോടെയുമല്ല കരാർ ഒപ്പിട്ടതെന്ന പ്രസ്താവനയുമായി മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദനും എൽ.ഡി.എഫി.ൽ ഈ വിഷയം ചർച്ച ചെയ്തിട്ടില്ലായെന്ന് എൽ.ഡി.എഫ്. കൺവീനർ വൈക്കം വിശ്വനും പ്രസ്താവിച്ചു. എ.ഐ.വൈ.എഫ്. സെക്രട്ടറിയേറ്റ് മാർച്ച് നടത്തി.



വര : ശാന്തൻ

സി.പി.ഐ.യും ശാസ്ത്രസാഹിത്യ പരിഷത്തും നിരവധി സാമൂഹ്യ പ്രവർത്തകരും കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിനുമുമ്പ് ശക്തമായ സമരങ്ങളുമായി വന്നതിനെത്തുടർന്നാണ് യു.ഡി.എഫ്. ഗവൺമെന്റ് കരാർ ഒപ്പുവെയ്ക്കൽ നീട്ടിവെച്ചത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ ലോൺ തിരിച്ചടക്കില്ല എന്ന ധീരമായ പ്രഖ്യാപനവും അച്ചുതാനന്ദന്റെ ഭാഗത്തുനിന്നും ഉണ്ടായി. ഈ കരാർ തന്നെയാണ് ഇപ്പോൾ ഒപ്പുവെച്ചിരിക്കുന്നത്.

## ലോൺ വിശദാംശങ്ങൾ

കേരള സുസ്ഥിര നഗര വികസന പദ്ധതി (K.S.U.D.P) എന്ന 361 മില്യൺ ഡോളറിന്റെ (1422 കോടി രൂപ) പ്രൊജക്റ്റിൽ 221.2 മില്യൻ ഡോളറാണ് (995 കോടി രൂപ) എഡിബിയിൽ നിന്നും വായ്പയായി ലഭിക്കുന്നത്. കേരള ഗവൺമെന്റ് 59.8 മില്യൻ ഡോളറും (269 കോടി) പദ്ധതി നടപ്പാക്കുന്ന 5 മുനിസിപ്പിൽ കോർപ്പറേഷനുകൾ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) 35.1 മില്യൻ ഡോളറും (158 കോടി രൂപ) പദ്ധതി ചെലവിലേക്ക് നൽകണം.

ലോൺ രേഖ പറയുന്നത് പണം ചെലവാക്കുന്നത് താഴെപ്പറയുന്ന നാല് മേഖലകളിലാണെന്നാണ്.

1. നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സേവനങ്ങളുടെ മെച്ചപ്പെടുത്തലും. ഇതിൽ 5 ഉപവിഭാഗങ്ങളുണ്ട്. എ) നഗര ജലവിതരണം ബി) സീവേജ് & സാനിറ്റേഷൻ സി) അഴുക്കുചാൽ നവീകരണം ഡി) ഖരമാലിന്യ സംസ്കരണം ഇ) റോഡുകളും ഗതാഗതവും
2. ദരിദ്ര ജനവിഭാഗങ്ങളെ ലക്ഷ്യമാക്കി അടിസ്ഥാന ജീവിത സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുക.
3. കോർപ്പറേഷനുകൾക്ക് ഇത്തരത്തിലുള്ള ഓരോ പ്രോജക്റ്റിനും സാങ്കേതിക സഹായം നൽകുക.
4. ഒന്നാമത്തെ പോയിന്റിന്റെ നടത്തിപ്പിനുള്ള കപ്പാസിറ്റി ബിൽഡിങ്ങ് പ്രവർത്തനങ്ങൾ നടത്തുക. തിരുവനന്തപുരത്തെ എഡിബിയുടെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റും കോർപ്പറേഷനുകളിൽ തുടങ്ങുന്ന പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളും പ്രോജക്റ്റ് മാനേജ്മെന്റ് സഹായങ്ങളും കൺസൾട്ടൻസികളും നൽകുന്നതാണ്.

2011 ഡിസംബറിൽ പൂർത്തിയാകുമെന്ന് പറയുന്ന ഈ പ്രോജക്റ്റ് ജനതാൽപര്യത്തെ ഹനിക്കുന്ന ഒരുപാട് വ്യവസ്ഥകൾ മുന്നോട്ട് വെയ്ക്കുകയും ചെയ്യുന്നു. ഇവ പാലിച്ചാൽ മാത്രമേ ഈ ലോൺ തുക ലഭ്യമാവുള്ളു എന്ന് എഡിബി വെബ്സൈറ്റിൽനിന്ന് ലഭ്യമായ ലോൺ രേഖ (Project No. 32300 Nov. 2005 proposed loan India: Kerala Sustainable Urban Development Project ADB) വ്യക്തമാക്കുന്നുണ്ട്.

## ലോൺ വ്യവസ്ഥകൾ – കഥയോ കാര്യമോ ?

### 1. സ്വകാര്യവൽക്കരണത്തിന് അവസരമൊരുക്കുന്നു

കേരളത്തിൽ നഗര സേവന സംവിധാനത്തിൽ സ്വകാര്യ മേഖലയുടെ കുറഞ്ഞ പങ്കാളിത്തത്തെകുറിച്ചും അത് ശക്തിപ്പെടുത്താൻ സ്വീകരിക്കേണ്ട ബഹുമുഖ സമീപനങ്ങളെക്കുറിച്ചും ലോൺ രേഖ ഊന്നിപ്പറയുന്നു. (Para. 61 P. 13) നിയന്ത്രണ സമിതികൾ ഉണ്ടാക്കൽ, സ്വകാര്യ സംരംഭകരുടെ പ്രവർത്തനങ്ങളെ നിർണ്ണയിക്കാനും ശക്തിപ്പെടുത്താനുമുള്ള സാങ്കേതിക, മാനേജ്മെന്റ് സൗകര്യങ്ങളുണ്ടാക്കൽ എന്നിവ തുടങ്ങി ഓപ്പറേഷൻസ് & മെയിന്റനൻസ് മേഖലയിൽ സ്വകാര്യ മേഖലയെ ശക്തിപ്പെടുത്തൽ വരെ പൊതുജനങ്ങളുടെ ചെലവിൽ നടപ്പിലാക്കൽ കരാറിന്റെ ഭാഗമായി വരുന്നു.

കേരള ഗവൺമെന്റ് ഈ ലോണിന്റെ മിഡ്ടേം റിവ്യൂവിൽ കേരള വാട്ടർ അതോറിറ്റിയുടെ പങ്ക് സ്വകാര്യ മേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്ന ഒരു നിയന്ത്രണ സമിതിയായി പുനർനിർവ്വചിക്കണമെന്ന് ആവശ്യപ്പെടുന്നു. (Para. 15 P. 3. Para. 82, P. 18) ഈ പുനർനിർണ്ണയ

ത്തോടെ വാട്ടർ അതോറിറ്റിയുടെ ഒരു പൊതുസ്ഥാപനം എന്ന പദവി നഷ്ടമാവുകയും അതിന്റെ ജലവിതരണ സംവിധാനങ്ങൾ സ്വകാര്യ സംരംഭകർക്ക് നൽകേണ്ടിവരികയും ചെയ്യുന്നു.

## 2. ജനാധിപത്യത്തെ കുഴിച്ചുമൂടുന്നു

മുനിസിപ്പൽ കോർപ്പറേഷനുകൾ അവരുടെ വാർഷിക ബജറ്റിൽ പ്രോജക്റ്റിനുള്ള പണം ഉൾക്കൊള്ളിക്കുന്നുവെന്നും ഉപപ്രോജക്റ്റുകൾക്കുള്ള ഭൂമി, ജോലിക്കാർ, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നുവെന്നും കേരള ഗവൺമെന്റ് ഉറപ്പുവരുത്തേണ്ടതാണെന്ന് ലോൺ രേഖ (Para. 82 P. 18) പറയുന്നു. സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുക്കുന്ന ജലവിതരണത്തിന്റെ ഓപ്പറേഷൻസ് & മെയിന്റനൻസ് ചെലവുകൾക്കായി കോർപ്പറേഷനുകൾ 2008 മാർച്ചിനുള്ളിൽ സർവ്വീസ് ടാക്സുകൾ വർദ്ധിപ്പിക്കാനുള്ള തീരുമാനങ്ങളെടുക്കുന്നുവെന്ന് കേരള ഗവൺമെന്റ് ഉറപ്പുവരുത്തണമെന്ന് ലോൺ രേഖ നിർദ്ദേശിക്കുന്നു. (Para. 82 P. 19)

പഞ്ചായത്തീരാജ് നിയമത്തെ കാറ്റിൽ പറത്തുകയും എന്തിന് പണം ചെലവാക്കണമെന്ന് തീരുമാനിക്കാനുള്ള മുനിസിപ്പൽ കോർപ്പറേഷനുകളുടെ സ്വാതന്ത്ര്യത്തെ നോക്കുകുത്തിയാക്കുകയും ചെയ്യുന്നത് നമുക്ക് ഇവിടെ കാണാം. കേരള ഗവൺമെന്റ് എഡിബി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന ഏജൻസിയായി തരംതാഴുന്നതും ഇവിടെ വ്യക്തമാണ്.

## 3. തീരുവകളുടെ നിർബന്ധിത വർദ്ധനയും പൊതു വാട്ടർടാപ്പുകളുടെ മാറ്റവും

എ) ഓരോ പ്രോജക്റ്റും പൂർത്തിയായി ഒരു വർഷത്തിനുള്ളിൽ മുനിസിപ്പൽ കോർപ്പറേഷനുകൾ ഒരു വരുമാന വർദ്ധന പദ്ധതി നടപ്പിലാക്കുന്നുവെന്ന് കേരള ഗവൺമെന്റ് ഉറപ്പുവരുത്തേണ്ടതാണ്. സീവേജ് ചാർജ്ജ് ഏർപ്പെടുത്തുക, ഖരമാലിന്യ സംസ്കരണ ചാർജ്ജ് ഏർപ്പെടുത്തുക, പിരിച്ചെടുക്കലിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങി ഒട്ടനവധി നിർദ്ദേശങ്ങളും എഡിബി നൽകുന്നുണ്ട്. (Para. 82, P. 19)

ബി) ഒരു പ്രോജക്റ്റ് നടപ്പിലാക്കുന്ന കാലയളവിൽ ഓപ്പറേഷൻസ് & മെയിന്റനൻസ് ചെലവുകൾക്കായി (സ്വകാര്യ സംരംഭകരുടെ) രണ്ട് തവണ ചാർജ്ജ് വർദ്ധന നടപ്പിലാക്കണമെന്ന് എഡിബി നിർദ്ദേശിക്കുന്നു. (Appendix 12, P. 54)

സി) ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ ഗാർഹിക വരുമാനത്തിന്റെ രണ്ട് ശതമാനം മുതൽ ഏഴ് ശതമാനം വരെയാണ് ഈ തുകകളെന്ന് പൊതു വാട്ടർടാപ്പുകളെ ആശ്രയിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 'ഒരു ചെലവുമില്ലാത്തതുകൊണ്ട്' അവരുടെ സർവ്വീസ് ടാക്സ് ഗാർഹിക വരുമാനത്തിന്റെ അഞ്ച് ശതമാനമേ വരുവെന്ന് എഡിബി പറയുന്നു. മാർച്ച് 2007 നുള്ളിൽ പൊതുടാപ്പുകളെ മീറ്റർ ചെയ്ത ഗാർഹിക കണക്ഷൻ ആക്കി മാറ്റുകയും അല്ലാത്തവ മീറ്റർ ചെയ്യുകയും ചെയ്യുന്ന ഒരു പോളിസി കേരള ഗവൺമെന്റ് നടപ്പിലാക്കണമെന്നും അങ്ങനെ 'പണം ലഭിക്കാത്ത' ജലവിതരണം കുറയ്ക്കണമെന്നും എഡിബി ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ കണ്ടീഷനുകൾ എഡിബി ലോൺ പ്രധാനമായും നിലകൊള്ളുന്നത് തീരുവകളുടെയും ടാക്സുകളുടെയും വർദ്ധനയ്ക്കും പുതിയ ചാർജ്ജുകൾ ഏർപ്പെടുത്തുന്നതിനുമാണെന്ന് വ്യക്തമാക്കുന്നു. ചാർജ്ജുകളും തീരുവകളും മുനിസിപ്പാലിറ്റികളിലുള്ള ജനാധിപത്യ സംവിധാനത്തിലൂടെയല്ല നിർണ്ണയിക്കപ്പെടുന്നതെന്നും എഡിബി നിർബന്ധിതമായി അടിച്ചേൽപ്പിക്കുകയാണെന്നതും ഇവിടെ ശ്രദ്ധേയമാണ്. അതുപോലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ചാർജ്ജുകളിൽ ഒരു വ്യത്യാസവും വരില്ല. 'ദാരിദ്ര്യ നിർമ്മാർജ്ജനം മുഖ്യ ലക്ഷ്യമായി' പറയുന്ന എഡിബി പൊതുടാപ്പുകൾ കുറയ്ക്കുകയും മീറ്റർ ചെയ്യുകയും ചെയ്യുമ്പോൾ അവയ്ക്ക് പാവപ്പെട്ടവരിലുണ്ടാകുന്ന പരിണത ഫലത്തെക്കുറിച്ച് ബോധപൂർവ്വമായ മൗനം പാലിയ്ക്കുന്നു.

## 4. വമ്പൻ കൺസൾട്ടൻസി ചാർജ്ജുകൾ

വളരെ ചെലവുകൂടിയ കൺസൾട്ടൻസികളും വ്യവസ്ഥകളും എഡിബി പ്രോജക്റ്റുകൾക്കൊപ്പം ഉൾച്ചേർന്നിരിക്കുന്നു. അവരുടെ വ്യവസ്ഥകൾക്ക് അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് കൺസൾട്ടന്റുമാരെ തെരഞ്ഞെടുക്കാവൂ. ലോൺ ഡോക്യുമെന്റ് പ്രകാരം 10.2 മില്യൻ ഡോളർ (46 കോടി രൂപ) കൺസൾട്ടൻസി സ്ഥാപനങ്ങൾക്ക് മാത്രമായാണ് ചെലവാക്കുന്നത്. അതുപോലെ ഫർണിച്ചറുകൾ, വാഹനങ്ങൾ, പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ, പഠനങ്ങൾ എന്നിവയ്ക്കായി നൂറുകണക്കിന് കോടി രൂപയുമുണ്ട്.

## 5. എ.ഡി.ബി. എന്ന ഒറ്റമൂലി ?

ഈ എല്ലാ പ്രോജക്റ്റുകളുടെയും ചാർജ്ജ് തീരുവ വർദ്ധനവിന്റെയും സ്വകാര്യ പങ്കാളിത്തത്തിന്റെയും പണം തിരിച്ചുപിടിക്കലിന്റെയും അടിസ്ഥാനം എഡിബി മാത്രം നടത്തിയ സർവ്വേകളും പഠനങ്ങളുമാണ്. വേൾഡ് ബാങ്കിനെപ്പോലെത്തന്നെ എ.ഡി.ബി. അതിന്റെ നഗര വികസന നയങ്ങളെ പിന്തുണയ്ക്കാൻ വേണ്ട വിവരഭാഷ്യങ്ങൾ ചമച്ചുകൊണ്ടിരിക്കുകയാണ്. എഡിബിയ്ക്ക് അടിപ്പെട്ട് സംസ്ഥാന ഗവൺമെന്റും നഗരവികസന വകുപ്പും അവരുടെ ജോലികൾ അടിയറവെയ്ക്കുക മാത്രമല്ല ജനങ്ങളുടെ അടിസ്ഥാന സേവന ലഭ്യതയെ ഇല്ലാതാക്കുകകൂടിയാണ് ചെയ്യുന്നത്. എഡിബിയുടെ പഠനവും അറിവും എല്ലാ കോർപ്പറേഷനുകളിലേക്കും പ്രൊജക്റ്റ് പങ്കാളികളിലേയ്ക്കും വിതരണം ചെയ്യുകവഴി കേരള വികസന അജണ്ട എഡിബിയുടേത് മാത്രമായി മാറുന്നു.

ഇത് നിരവധി എ.ഡി.ബി. ലോൺ ഡോക്യുമെന്റുകളിൽ ഒന്നിന്റെ മാത്രം ഒരു പെട്ടെന്നുള്ള വിലയിരുത്തലാണ്.

കേരളത്തിലെ നഗരവികസനത്തിന് വേണ്ടത് ജനാധിപത്യപരമായ തീരുമാനങ്ങളാണ്. എഡിബിയുടെ നേതൃത്വത്തിലുള്ള സ്വകാര്യവൽക്കരണമല്ല. അതുകൊണ്ടുതന്നെ ധൃതിപിടിച്ച ഈ കരാറിൽനിന്ന് കേരളം പിൻവാങ്ങേണ്ടതാണ്. ഈ പ്രൊജക്റ്റുമായി ബന്ധപ്പെട്ട എല്ലാ രേഖകളും മലയാളത്തിലും ഇംഗ്ലീഷിലും ജനങ്ങൾക്ക് ലഭ്യമാക്കിയതിനുശേഷം കേരളത്തിലെ ജനങ്ങളുടെയും കോർപ്പറേഷനുകളുടെയും നിയമസഭയുടെയും അംഗീകാരത്തിനുവിധേയമായി വിശദമായ ചർച്ചകളിലൂടെ മാത്രമേ ഗവൺമെന്റ് എന്തു നടപടിയും ഇതിൽ കൈക്കൊള്ളാവൂ.

എ.ഡി.ബി. ഇല്ലാതെതന്നെ കേരളത്തിന് മനോഹരമായി ജീവിക്കാമല്ലോ.

'ഗ്രെയ്', പെരിങ്ങാവ് പി.ഒ., തൃശ്ശൂർ-18
aniwar@movingrepublic.org